**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1517** **05.02.2019 ലെ മറുപടിക്ക്**

**<u>നാണ്യവിളകളുടെ വിലയിടിവ്</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) ആസിയാൻ കരാർ അടക്കമുള്ള അന്തർദേശീയ കരാറുകളുടെ ഭാഗമായി നാണ്യവിളകൾക്ക് പ്രത്യേകിച്ച് കുരുമുളക്, കാപ്പി എന്നിവയുടെ വിലയിൽ ഇടിവ് വന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരത്തിൽ നാണ്യവിളകൾക്കുണ്ടായ വിലയിടിവ് പരിഹരിച്ച് കർഷകർക്ക് ആശ്വാസം നൽകാൻ എന്തെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ; | (ബി) നാണ്യ വിളകൾക്കുണ്ടായ വിലയിടിവ് പരിഹരിക്കുവാൻ വയനാട് പാക്കേജ്, ഇടുക്കി പാക്കേജ്, കാസർഗോഡ് വികസന പാക്കേജ് എന്നിവ നടപ്പാക്കി വരുന്നു.<br>വയനാട് പാക്കേജിൽ സംയോജിത കുരുമുളക് വികസനത്തിനായി 1062.45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കൽ, പുനരുജ്ജീവനം, ദ്രുത വാട്ടത്തിന് എതിരെയുള്ള കീടനിയന്ത്രണം എന്നീ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടന്നു വരുന്നു. വികേന്ദ്രീകൃത നഴ്സറികളുടെ സ്ഥാപനം, മാതൃ തോട്ടങ്ങളുടെ സംരക്ഷണം, സാങ്കേതിക വിദ്യയുടെ പ്രചരണം, കുരുമുളക് സമിതി പ്രവർത്തനങ്ങളുടെ ഏകോപനം, തദ്ദേശീയ സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള ഡോക്യുമെന്റേഷൻ, മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീമിന്റെ ശാക്തീകരണം, ലഘുലേഖകളും റഫറൻസ് മെറ്റീരിയലുകളും പ്രസിദ്ധീകരിക്കൽ, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകളുടെ പ്രവർത്തനം എന്നിവയ്ക്ക് പദ്ധതി പ്രകാരം ധനസഹായം നടത്തി വരുന്നു. (വിശദ വിവരങ്ങൾ അനുബന്ധം1 ആയി |

| | |
|---|---|
| | ചേർത്തിരിക്കുന്നു)<br>ഇടുക്കി പാക്കേജിനായി 402.9 ലക്ഷം രൂപ കുരുമുളക്, ജാതി, ഗ്രാമ്പൂ എന്നീ സുഗന്ധവ്യഞ്ജന വിളകളുടെ വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്.(വിശദ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു).<br>റബ്ബർ പ്രൊഡക്ഷൻ ഇൻസെൻറ്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവിലയായ 150/- രൂപയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വില വ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ടു നൽകി വരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെൻറ്റീവ് സ്കീമിനായി ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 298.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) ഇനി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | സി) കാപ്പി കർഷകരുടെ വരുമാന വർദ്ധനവിനായി വയനാടൻ കാപ്പി "മലബാർ കാപ്പി" എന്ന ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

ഡെപ്യൂട്ടി സെക്രട്ടറി

## അനുബന്ധം - 1

## വയനാട് പാക്കേജ് ( 2018-19)

## സംയോജിത കുരുമുളക് വികസന പദ്ധതി

| ക്രമ നം. | പദ്ധതിയുടെ പേര് | എണ്ണം | വകയിരുത്തിയിരിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | നടീൽ വസ്തുക്കൾക്ക് ധനസഹായം | 1,75,000 | 17.5 |
| 2 | കുരുമുളകുതോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കൽ (ഹെക്ടറിന് 20,000 രൂപ ധനസഹായം) | 155 ഹെക്ടർ | 31.0 |
| 3 | കുരുമുളകുതോട്ടങ്ങളുടെ പുനരുജ്ജീവനം (ഹെക്ടറിന് 20,000 രൂപ വീതം) | 26.16 ഹെക്ടർ | 523.22878 |
| 4 | ദ്രുതവാട്ടരോഗത്തിനെതിരെ സംയോജിത കീടനിയന്ത്രണം (ഹെക്ടറിന് 10,000 രൂപ വീതം) | 3903 ഹെക്ടർ | 390.2717 |
| 5 | വികേന്ദ്രീകൃത നഴ്സറികളുടെ സ്ഥാപനം | 10 | 3.0 |
| 6 | സെക്കന്ററി, സൂക്ഷ്മ മൂലകങ്ങളുടെയും ജൈവ കീടനാശിനിയുടെ പ്രയോഗം ലേബർ ചാർജ്ജ് ഉൾപ്പെടെ (ഹെക്ടറിന് 2000 രൂപ വീതം) | 518 | 10.36 |
| 7 | മാതൃതോട്ടങ്ങളുടെ സംരക്ഷണം (ഒരു സ്റ്റാൻഡേർഡിന് 250 രൂപ നിരക്കിൽ) | 18.58 | 46.45 |
| 8 | ഫാർമേഴ്സ് ഫീൽഡ് സ്കൂൾ (70,000/FFS) | 6 | 4.2 |
| 9 | പുതിയ സാങ്കേതിക വിദ്യയുടെ പ്രചാരണത്തിന് (10,000/FLD) | 6 | 0.60 |
| 10 | മാതൃകാതോട്ടങ്ങൾ സന്ദർശിക്കുന്നതിന് ധനസഹായം | 7 | 1.75 |

| | | | |
|---|---|---|---|
| | ഒരു വ്യക്തിക്ക് 500 രൂപ നിരക്കിൽ | | |
| 11 | ITK ഉൾപ്പെടെ ഡോക്കുമെന്റേഷൻ 50,000/ബ്ലോക്ക് | --- | 2.0 |
| 12 | MDDT – യുടെ ശാക്തീകരണം | 2 | 0.24 |
| 13 | പുതിയ പ്രാദേശിക സംരംഭങ്ങൾക്ക് ധനസഹായം (പഞ്ചായത്തിന് ഒരു ലക്ഷം രൂപ വീതം) | 6 | 5.05 |
| 14 | കുരുമുളകു സമിതികൾ ശക്തിപ്പെടുത്തൽ (ഒരു സമിതിക്ക് 10,000 രൂപ നിരക്കിൽ) | 200 | 20.0 |
| 15 | ലഘുരേഖകളും റഫറൻസ് മെറ്റീരിയലുകളും പ്രസിദ്ധീകരിക്കുന്നതിന് | --- | 4.0 |
| 16 | മറ്റ് ചിലവുകൾ | --- | 2.8 |
| **ആകെ** | | | **1062.45048 ലക്ഷം** |

SHAJAN.A
Deputy Secretary
Agriculture (WTO Cell) Dept.
Govt. Secretariat,Thiruvananthapuram

## അനുബന്ധം - 2

## ഇടുക്കി പാക്കേജ്

| ക്രമ നം. | പദ്ധതിയുടെ പേര് | ഭൗതിക ലക്ഷ്യം | വകയിരുത്തിയിരിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കുരുമുളകുതോട്ടങ്ങളുടെ കൃഷി വ്യാപനം (ഹെക്ടറിന് 20,000 രൂപ വീതം) | 993.625 ഹെക്ടർ | 198.725 |
| 2 | സ്വന്തം കൃഷിയിടത്തിൽ നിന്നുള്ള ഉത്പാദനം (യൂണിറ്റിന് 20,000 രൂപ വീതം) | 2 ഹെക്ടർ | 0.40 |
| 3 | കൃഷിക്കാർ വികസിപ്പിച്ചെടുത്ത ഇനങ്ങളുടെ പ്രദർശനത്തോട്ടം (0.1 ഹെക്ടറിന് 10,000 രൂപ വീതം) | 4 എണ്ണം | 0.40 |
| 4 | മണ്ണിതരമീഡിയം ഉപയോഗിച്ചുള്ള കുരുമുളക നഴ്സറികൾ (നഴ്സറികൾക്ക് 60,000 രൂപ വീതം) | 1 എണ്ണം | 0.60 |
| 5 | a. സെക്കന്ററി, സൂക്ഷ്മ മൂലകങ്ങൾക്ക് ധനസഹായം (ഹെക്ടറിന് 500 രൂപ വീതം<br>b. മണ്ണ് സാമ്പിൾ ശേഖരണം | 550 ഹെക്ടർ | 2.75<br>0.25 |
| 6 | സോയിൽ അമിലിയൊറൻസിന് ധനസഹായം (ഹെക്ടറിന് 5400 രൂപ വീതം) | 710 ഹെക്ടർ | 38.34 |
| 7 | ദ്രുതവാട്ടത്തിനെതിരെ കീടനിയന്ത്രണം (ഹെക്ടറിന് 10,000 രൂപ നിരക്കിൽ) | 1495 ഹെക്ടർ | 149.5 |
| 8 | കുരുമുളകുസമിതികളുടെ പുനരുജ്ജീവനം (ഹെക്ടറിന് 25,000 രൂപ നിരക്കിൽ) | 34 | 8.5 |
| 9 | മറ്റ് ചിലവുകൾ | --- | 3.43893 |
| | **ആകെ** | | **402.90393 ലക്ഷം** |

SHAJAN.A
Deputy Secretary
Agriculture (WTO Cell) Dept.
Govt. Secretariat,Thiruvananthapuram